REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 30-8-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി ആലപ്പുഴ അർത്തുങ്കൽ മൽസ്യബന്ധന തുറമുഖത്തിന്റെ മൂന്നാം ഘട്ട നിർമ്മാണവും കൊയിലാണ്ടി മത്സ്യ ബന്ധന തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങളും അല്പസമയത്തിനകം ഓൺലൈനിൽ ഉദ്ഘാടനം ചെയ്യും.
- ഉരുൾപൊട്ടലുണ്ടായ വയനാട് മുണ്ടക്കൈയിലും, ചൂരൽമലയിലും രക്ഷാപ്രവർത്തനത്തിൽ സേനാ വിഭാഗങ്ങളുടെ പങ്ക് പ്രശംസനീയമാണെന്ന് കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ്.
- മലയാള സിനിമയിൽ സ്ത്രീകൾക്കെതിരായ ലൈംഗിക ചൂഷണ കേസുകളിൽ ഗവൺമെന്റ് രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘത്തിന്റെ നടപടികൾ തുടങ്ങി.
- സംസ്ഥാനത്ത് ചൊവ്വാഴ്ച വരെ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം, ഇടുക്കി, തൃശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.
- ദേശീയ ഓപ്പൺ അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് ഇന്ന് ബംഗളൂരുവിൽ തുടക്കം.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ആലപ്പുഴയിലെ അർത്തുങ്കൽ മൽസ്യബന്ധന തുറമുഖത്തിന്റെ മൂന്നാം ഘട്ട നിർമ്മാണവും കൊയിലാണ്ടി മത്സ്യ ബന്ധന തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങളും അല്പസമയത്തിനകം ഓൺലൈനായി ഉദ്ഘാടനം ചെയ്യും. അർത്തുങ്കൽ തുറമുഖത്തിന്

മത്സ്യ മേഖലാ അടിസ്ഥാന സൗകര്യ വികസന ഫണ്ടിൽ നിന്ന് 150 കോടി 73 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്.

കൊയിലാണ്ടിയിൽ വിവിധ ഘടകങ്ങളുടെ നിർമാണത്തിനും നവീകരണത്തിനും 20 കോടി 90 ലക്ഷം രൂപയും ഡ്രഡ്ജിംഗ് പ്രവൃത്തിക്കായി അഞ്ച് കോടി 88 ലക്ഷം രൂപയും അനുവദിച്ചിരുന്നു.

കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, മന്ത്രി P. പ്രസാദ്, ഷാഫി പറമ്പിൽ MP- യും കാനത്തിൽ ജമീല MLA, നഗരസഭാ ചെയർപേഴ്സസൺ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുക്കും.

✪✪✪

ഉരുൾപൊട്ടലുണ്ടായ വയനാട് മുണ്ടക്കൈയിലും, ചൂരൽമലയിലും രക്ഷാപ്രവർത്തനത്തിൽ സേനകളുടെ പങ്ക് പ്രശംസനീയമായിരുന്നുവെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അഭിപ്രായപ്പെട്ടു. ദുരന്തത്തിന്റെ കെടുതിയിൽ നിന്ന് എത്രയും പെട്ടെന്ന് വയനാട്ടുകാർ മോചിതരാകട്ടെയെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് സ്വകാര്യ ചാനലിന്റെ ന്യൂസ് കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു രാജ്നാഥ് സിംഗ്.

നരേന്ദ്രമോദി ഗവൺമെന്റ് രാജ്യത്ത് സ്ത്രീ മുന്നേറ്റം സാധ്യമാക്കിയെന്നും ലിംഗസമത്വം കൊണ്ടുവന്നെന്നും അദ്ദേഹം വ്യക്തമാക്കി. രാജ്യത്തെ ഗ്രാമീണ ജീവിതം മെച്ചപ്പെടുത്തുന്നതിലും കേന്ദ്ര ഗവൺമെന്റ് ശ്രദ്ധ നൽകി. വൈദ്യുതീകരിക്കാത്ത ഗ്രാമങ്ങൾ രാജ്യത്ത് ഇപ്പോഴില്ല. ബാങ്ക് അക്കൗണ്ടില്ലാത്ത കുടുംബങ്ങളില്ലാത്തതും അഭിമാനകരമാണെന്ന് രാജ്നാഥ് സിംഗ് അഭിപ്രായപ്പെട്ടു.

'ചെയ്ഞ്ച് മേക്കേഴ്സ്' എന്ന വിഷയത്തിലാണ് കോൺക്ലേവ്. വൈകിട്ട് സമാപന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയായി പങ്കെടുക്കും.

✪✪✪

മഹാരാഷ്ട്രയിലെ പാൽഘറിൽ 76,000 കോടി രൂപയുടെ വധ്വാൻ തുറമുഖത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി അല്പസമയത്തിനകം

തറക്കല്ലിടും. തുറമുഖം ഇന്ത്യയുടെ വികസനത്തിന് സംഭാവന നൽകുന്ന സവിശേഷമായ പദ്ധതിയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിപ്രായപ്പെട്ടു. ഏറ്റവും വലിയ ആഴക്കടൽ തുറമുഖമായ ഇത് പുരോഗതിയുടെ ശക്തികേന്ദ്രമായി മാറുമെന്നും നരേന്ദ്ര മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.

✪✪✪

രാജ്യത്തിന്റെ രണ്ടാമത്തെ ആണവ മിസൈൽ അന്തർവാഹിനി INS അരിഘാത് ഇന്ത്യൻ നാവികസേനയിലേക്ക് കമ്മീഷൻ ചെയ്തു. വിശാഖപട്ടണത്ത് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗിന്റെ സാന്നിധ്യത്തിലായിരുന്നു ചടങ്ങ്. രാജ്യത്തിന്റെ ആദ്യ ആണവായുധ അന്തർവാഹിനി INS അരിഹന്തിന്റെ പരിഷ്കരിച്ച പതിപ്പാണിത്. ഇത് രാജ്യത്തിന് അഭിമാനമുഹൂർത്തമാണെന്നും പ്രതിരോധമേഖലയിൽ 'ആത്മനിർഭരത' കൈവരിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഗവൺമെന്റ് എടുത്ത ദൃഢനിശ്ചയത്തിന് തെളിവാണിതെന്നും രാജ്നാഥ് സിംഗ് പറഞ്ഞു.

✪✪✪

ഝാർഖണ്ഡിൽ മുൻമുഖ്യമന്ത്രിയും മുതിർന്ന JMM നേതാവുമായ ചമ്പായ് സോറൻ ഇന്ന് BJP - യിൽ ചേരും. റാഞ്ചിയിൽ BJP നേതാക്കളുടെ സാന്നിധ്യത്തിലാണ് അദ്ദേഹം അംഗത്വമെടുക്കുന്നത്. കഴിഞ്ഞ ദിവസം ചമ്പായ് സോറൻ ആഭ്യന്തര മന്ത്രി അമിത്ഷായുമായി കൂടിക്കാഴ്ച നടത്തിയിരുന്നു.

✪✪✪

മലയാള സിനിമയിൽ സ്ത്രീകൾക്കെതിരായ ലൈംഗിക ചൂഷണ കേസുകളിൽ ഗവൺമെന്റ് രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘത്തിന്റെ നടപടികൾ ഇന്ന് തുടങ്ങും. കൊച്ചിയിൽ രജിസ്റ്റർ ചെയ്ത ഏഴ് കേസുകളിൽ ഓരോന്നിനും ഓരോ അന്വേഷണ ഉദ്യോഗസ്ഥൻമാരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കൊച്ചിയിലെ അന്വേഷണ ചുമതല DIG പൂങ്കുഴലിക്കാണ്.

✪✪✪

മലയാള സിനിമാ മേഖലയിൽ ലൈംഗിക കുറ്റകൃത്യങ്ങളിലേർപ്പെട്ടവരെ സംരക്ഷിച്ച് CPIM നേതൃത്വം പരിഹാസ്യരാവുകയാണെന്ന് പ്രതിപക്ഷ നേതാവ് V.D. സതീശൻ പറഞ്ഞു. സിനിമാ മേഖലയിലെ നിരപരാധികളെയും കുറ്റം ചെയ്തവരായി മുദ്രകുത്തുന്ന അവസ്ഥയുണ്ടാക്കുന്നത് CPIM ആണെന്ന് അദ്ദേഹം തിരുവനന്തപുരത്ത് കുറ്റപ്പെടുത്തി. യഥാർത്ഥ പ്രതികളെ നിയമവ്യവസ്ഥയ്ക്ക് മുന്നിലെത്തിച്ച് സത്യം ബോധ്യപ്പെടുത്താൻ സംസ്ഥാന ഭരണകൂടത്തിന് കഴിയുന്നില്ലെന്നും V.D. സതീശൻ പറഞ്ഞു.

✪✪✪

M.മുകേഷ് MLAക്ക് എതിരായ ആരോപണം രാഷ്ട്രീയ പ്രേരിതമല്ലെന്നും മുകേഷ് രാജിവെക്കണമെന്നും മുതിർന്ന കോൺഗ്രസ്സ് നേതാവ് രമേശ് ചെന്നിത്തല കോഴിക്കോട് ആവശ്യപ്പെട്ടു. സിനിമാ രംഗത്തെ എല്ലാവരേയും സംശയത്തിന്റെ നിഴലിൽ നിർത്താൻ ആവില്ലെന്നും ഹേമാ കമ്മറ്റി റിപ്പോർട്ടിൽ നടപടി ആണ് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

വയനാട് ദുരന്തബാധിത മേഖലയിലെ അധ്യാപകർക്കും രക്ഷിതാക്കൾക്കും മാനസിക പിന്തുണ നൽകാൻ മേപ്പാടിയിൽ ഏകദിന പരിശീലനം തുടങ്ങി. സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ ഡയറ്റ്, SCERT, ആരോഗ്യ മേഖല, WCD എന്നിവയുടെ സഹകരണത്തോടെയാണ് പരിശീലനം.

നഷ്ടപ്പെട്ട പഠന ദിനങ്ങൾ തിരിച്ചു പിടിക്കാനും അക്കാദമിക് പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പാക്കാനും പ്രവേശനോത്സവത്തിന് എത്തുന്നവർക്ക് മാനസിക പിന്തുണ നൽകാനുമാണ് പരിശീലനം ലക്ഷ്യമിടുന്നത്. വെള്ളാർമല G.V ഹയർ സെക്കന്ററി, മുണ്ടക്കൈ GLP സ്കൂളുകളിലെ പുനഃപ്രവേശനോത്സവം സെപ്റ്റംബർ രണ്ടിന് മേപ്പാടി ഗവ ഹയർസെക്കൻഡറി സ്കൂളിൽ നടത്തും.

✪✪✪

സംസ്ഥാനത്ത് ചൊവ്വാഴ്ച വരെ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് അതിശക്ത മഴ സാധ്യത കണക്കിലെടുത്ത് എറണാകുളം, ഇടുക്കി, തൃശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, ഒഴികെ ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

**കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ 35 മുതൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദ്ദേശമുണ്ട്.**

✪✪✪

**കോഴിക്കോട് കായക്കൊടി വില്ലേജിൽ നാവോട്ട് കുന്ന് ഇന്നലെ വീശിയ ശക്തമായ കാറ്റിൽ മരം വീണ് 5 വീടുകൾക്ക് ഭാഗികമായി കേടുപാടുകൾ സംഭവിച്ചു. പ്രദേശത്ത് കൃഷി നാശവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.**

✪✪✪

**തിങ്കളാഴ്ച ആരംഭിക്കുന്ന 21-ാമത് കന്നുകാലി സെൻസസ് പ്രവർത്തികൾക്കായി മൃഗസംരക്ഷണ വകുപ്പിൽ നിന്നും 3,500 ലധികം എന്യൂമറേറ്റർമാരെ നിയോഗിച്ചതായി മന്ത്രി J.ചിഞ്ചുറാണി ഫേസ് ബുക്കിൽ കുറിച്ചു. ഇവർ കേരളത്തിലെ ഒരു കോടി ആറ് ലക്ഷത്തോളം വരുന്ന വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് നാട്ടാന ഉൾപ്പെടെ വിവിധയിനം വളർത്തുമൃഗങ്ങളുടെയും തെരുവ് നായ്ക്കളുടെയും കോഴി വർഗ്ഗത്തിൽപെട്ട പക്ഷികളുടെയും വിവരങ്ങൾ ശേഖരിക്കുമെന്ന് മന്ത്രി അറിയിച്ചു. ഡിസംബർ 31 വരെയാണ് കന്നുകാലി സെൻസസ്.**

✪✪✪

**ദേശീയ ഓപ്പൺ അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് ഇന്ന് ബംഗളൂരു ശ്രീകണ്ഠീരവ സ്റ്റേഡിയത്തിൽ തുടക്കമാകും. കേരളത്തിൽ നിന്ന് 54 അംഗ ടീം ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നുണ്ട്.**

✪✪✪

**US ഓപ്പൺ ടെന്നീസ്, പുരുഷ ഡബിൾസിൽ ഇന്ത്യൻ-ഓസ്ട്രേലിയൻ ജോഡികളായ രോഹൻ ബൊപ്പണ്ണ-മാത്യൂ എബ്ഡൻ സഖ്യം ഇന്ന് രണ്ടാം റൗണ്ടിൽ R. കാർബല്ലെസ്- F കോറിയ എന്നിവരെ നേരിടും.**

**മിക്സഡ് ഡബിൾസിൽ രോഹൻ ബൊപ്പണ്ണ ഇന്തോനേഷ്യയുടെ അൽദില സുത്ജിയാദിയുമായി ഇന്ന് ഏറ്റുമുട്ടും.**

✪✪✪

**പാരീസ് പാരാലിമ്പിക്സിൽ ഇന്ത്യയുടെ ശീതൾ ദേവിയും രാകേഷ്കുമാറും അമ്പ് എയ്ത്ത് മിക്സഡ് കോമ്പൗണ്ട് വിഭാഗത്തിൽ റെക്കോർഡോടെ ക്വാർട്ടറിലെത്തി. 1399 പോയിന്റാണ് ഇരുവരും**

നേടിയത്. രണ്ടാം ദിനമായ ഇന്ന് ഇന്ത്യൻ അത്‌ലറ്റുകൾ വിവിധ ഇനങ്ങളിൽ മത്സരിക്കും.

✪✪✪

പള്ളിവാസൽ വിപുലീകരണ ജലവൈദ്യുത പദ്ധതിയിലും തോട്ടിയാറിലും മെക്കാനിക്കൽ സ്പിന്നിംഗ് സംവിധാനം വിജയകരമായി പൂർത്തീകരിച്ചെന്ന് മന്ത്രി K.കൃഷ്ണൻകുട്ടി അറിയിച്ചു. പള്ളിവാസൽ പ്രവർത്തന സജ്ജമാകുന്നതോടെ ഉൽപാദനം പ്രതിവർഷം 153 ദശലക്ഷം യൂണിറ്റ് ആകുമെന്ന് അദ്ദേഹം ഫേസ്ബുക്കിൽ കുറിച്ചു. തോട്ടിയാർ പദ്ധതി, പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണെന്നും മന്ത്രി അറിയിച്ചു. രണ്ട് പദ്ധതികളും അടുത്തമാസം പകുതിയോടെ പ്രവർത്തന ക്ഷമമാകും.

✪✪✪

തിരുനാവായ – തവനൂർ പാലത്തിന്റെ നിർമാണം അടുത്തമാസം 8 ന് മന്ത്രി P.A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. 2010ൽ നിർമാണത്തിന് ബജറ്റിൽ തുക ബജറ്റിൽ അനുവദിച്ചെങ്കിലും സ്ഥലമേറ്റെടുപ്പ് നീളുകയായിരുന്നു. നിലവിൽ പാലത്തിന്റെ പൈൽ ലോഡ് ടെസ്റ്റ് തുടങ്ങിയിട്ടുണ്ട്. 1180 മീറ്ററാണ് പാലത്തിന്റെ നീളം.

✪✪✪

CPIM സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. മുകേഷ് MLA-യ്ക്കെതിരെ പ്രതിപക്ഷവും CPI-ഉം നിലപാട് കടുപ്പിച്ചതടക്കം വിഷയങ്ങൾ സെക്രട്ടറിയേറ്റ് ചർച്ച ചെയ്യും.

✪✪✪

പോക്സോ, ബാലനീതി, വിദ്യാഭ്യാസ അവകാശം എന്നീ മേഖലകളിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം തിരുവനന്തപുരത്ത് ആരംഭിച്ചു. കർത്തവ്യ വാഹകർ നേരിടുന്ന പ്രശ്നങ്ങൾ വകുപ്പ് മേധാവികളുമായി ചർച്ച ചെയ്യാനും പരിഹാരം കണ്ടെത്താനുമാണ് യോഗം ചേരുന്നത്.

✪✪✪

ഇന്ന് രാജ്യാന്തര തിമിംഗല സ്രാവ് ദിനം. വംശനാശ ഭീഷണി നേരിടുന്ന തിമിംഗല സ്രാവുകളുടെ സംരക്ഷണത്തിനാണ് ഓഗസ്റ്റ് 30-ന് രാജ്യാന്തര ദിനം ആചരിക്കുന്നത്.

✪✪✪

**സാഹിത്യത്തിലെ വലിയ മൂല്യങ്ങളുടെ ആഘോഷം നിരന്തരം നിർവഹിച്ചതാണ് കോഴിക്കോടിന് ലഭിച്ച സാഹിത്യ നഗരി പദവി അംഗീകാരത്തിന് കാരണമെന്ന് കവി K.സച്ചിദാനന്ദൻ പറഞ്ഞു. കോഴിക്കോട് സംഘടിപ്പിച്ച അക്ഷരാർപ്പണം പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.**

✪✪✪

**CPIM 24-ാം പാർട്ടി കോൺഗ്രസ്സിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ ബ്രാഞ്ച് സമ്മേളനങ്ങൾ ഞായറാഴ്ച ആരംഭിക്കുമെന്ന് ജില്ലാ സെക്രട്ടറി M.V ജയരാജൻ അറിയിച്ചു.**

✪✪✪

**സ്വർണ്ണവില കുറഞ്ഞു. ഗ്രാമിന് 10 രൂപ കുറഞ്ഞു 6705 രൂപയും പവന് 80 രൂപ കുറഞ്ഞു 53,640 രൂപയുമായി.**

✪✪✪